# ക്രിസ്തുരാജ് ഹോസ്റ്റൽ

### സെന്റ് തോമസ് കോളേജ് പാലാ
### എഡ്യുക്കേഷണൽ ട്രസ്റ്റ്
### മാർഗ്ഗരേഖ

സെന്റ് തോമസ് കോളേജിലെ ആൺകുട്ടികൾക്ക് താമസസൗകര്യം നൽകുന്നതിനുവേണ്ടിയാണ് പാലാ രൂപത 1953-ൽ ക്രിസ്തുരാജ് ഹോസ്റ്റൽ സ്ഥാപിച്ചത്. 2017 ൽ സെന്റ് തോമസ് കോളെജ് പാലാ എഡ്യൂക്കേഷണൽ ട്രസ്റ്റിന്റെ കീഴിലുള്ള ഒരു സ്ഥാപനമായി ഹോസ്റ്റൽ രജിസ്റ്റർ ചെയ്യപ്പെട്ടു. ബൗദ്ധിക പക്വതയും ധാർമ്മിക മൂല്യങ്ങളും സാമൂഹ്യപ്രതിബദ്ധതയും ആദ്ധ്യാത്മിക ചൈതന്യമുള്ളവരായി യുവജനങ്ങളെ മാറ്റുക എന്നതാണ് ഈ ഹോസ്റ്റലിന്റെ ലക്ഷ്യം. വിദ്യാർത്ഥികൾ ഈ ലക്ഷ്യം സാധിക്കേണ്ടത് കാലാകാലങ്ങളിൽ വാർഡന്മാർ നല്കുന്ന നിർദ്ദേശങ്ങളും ഹോസ്റ്റലിന്റെ താഴെ പറയുന്ന നിയമങ്ങളും അനുസരിച്ചുകൊണ്ടാണ്.

1. ഹോസ്റ്റലിലെ പ്രവേശനസമയത്ത് മാതാപിതാക്കളോടൊപ്പമെത്തിയാണ് പ്രവേശനം തേടേണ്ടത്.
2. സംസ്ഥാന സർക്കാരിന്റെ നിർദ്ദേശമനുസരിച്ചുള്ള ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കാൻ ബാദ്ധ്യസ്ഥമായ ഒരു സ്ഥാപനമാണിത്. ഹോസ്റ്റലും പരിസരവും വൃത്തിയായി സൂക്ഷിക്കുക. ചപ്പുചവറുകളും പേപ്പറും അലക്ഷ്യമായി വലിച്ചെറിയാതെ വെയിസ്റ്റ് ബോക്സുകളിൽ നിക്ഷേപിക്കുക.
3. ലുങ്കിയുടുത്ത് ഹോസ്റ്റലിനു വെളിയിലും പള്ളിയിലും പോകാൻ പാടുള്ളതല്ല. വാർഡന്മാർ, അദ്ധ്യാപകർ, മുതിർന്നവർ ആദിയായവരെ കാണുമ്പോൾ ആദരപൂർവ്വം മടക്കിക്കുത്ത് അഴിക്കുകയും അഭിവാദ്യം ചെയ്യുകയും ചെയ്യുക.
4. ഹോസ്റ്റലിലെ ബൾബോ മറ്റ് പൊതുമുതലുകളോ മോഷ്ടിക്കുകയോ നശിപ്പിക്കുകയോ ചെയ്താൽ പൊതുവായിട്ട് നഷ്ടം ഈടാക്കുന്നതായിരിക്കും. ലൈറ്റും ഫാനും ഓൺ ചെയ്തിട്ട് വീട്ടിൽ പോവുകയോ ക്ലാസിൽ പോവുകയോ ചെയ്യരുത്.
5. പാലാ വിട്ട് പുറത്ത് പോകണമെങ്കിൽ അനുവാദം വേണം. അനുവാദം അപേക്ഷിക്കുന്ന സ്ഥലത്ത് മാത്രമേ പോകാവൂ. വീട്ടിലോ പുറത്തോ പോകുന്നവർ വൈകുന്നേരം 6.30 ന് ശേഷവും രാവിലെ 6.00 നു മുൻപും വരാൻ പാടുള്ളതല്ല. ആരെങ്കിൽ 6.30 p.m.ന് ശേഷം വരാനിടയായാൽ വാർഡനെ കണ്ടശേഷമേ മുറിയിൽ പ്രവേശിക്കാവൂ. തലേരാത്രിയിൽ ഹോസ്റ്റലിൽ തങ്ങാത്തവർ തിരികെയെ ത്തുമ്പോൾ പാർലറിലുള്ള entry ബുക്കിൽ 6.25 p.m.ന് മുമ്പായി കാര്യങ്ങൾ യഥാവിധി രേഖപ്പെടു ത്തേണ്ടതാണ്.
6. രാത്രിയിൽ പുറത്ത് തങ്ങാനുള്ള ഉദ്ദേശത്തോടെ ഹോസ്റ്റലിൽനിന്ന് പോകുന്നവർ അനുവാദം ചോദി ച്ചുകൊണ്ടുള്ള കത്ത് വാർഡന്റെ മുറിയിൽ നിക്ഷേപിക്കേണ്ടതാണ്.
7. സ്വന്തം വീട്ടിലോ ലോക്കൽ ഗാർഡിയന്റെ വീട്ടിലോ തറവാട്ടിലോ പോകുമ്പോൾ മാത്രമേ അനു വാദം ലഭിച്ചതായി അനുമാനിക്കാവൂ. മറ്റെവിടേക്കെങ്കിലും രാത്രിവാസത്തിനായി പോകുന്നവർ വാർഡന്റെ നേരിട്ടുള്ള അനുവാദം വാങ്ങിയശേഷമാണ് കത്ത് എഴുതേണ്ടത്. മാതാപിതാക്കളുടെ അനുവാദവും വാങ്ങിയിരിക്കേണ്ടതാണ്.
8. പോകുന്ന ദിവസം തന്നെ തിരികെയെത്തുന്നവരും (പാലായ്ക്കു പുറത്തു പോകുന്നവർ) വാർഡന്റെ അനുവാദം നേരിട്ടു ചോദിക്കുകയും Same Day Return എന്ന മേലെഴുത്തോടെ കത്ത് വാർഡന്റെ മുറി യിൽ നിക്ഷേപിക്കേണ്ടതുമാണ്.
9. ഹോസ്റ്റലിൽ ഉണ്ടായിരിക്കെ കോളെജിലെ ക്ലാസുകൾ മുടക്കുന്നവർ അന്നേ ദിവസമോ പിറ്റേദിവസം രാവിലെയോ വാർഡനെ വിവരം ധരിപ്പിക്കേണ്ടതാണ്.
10. ഒന്നാം വർഷവിദ്യാർത്ഥികൾ CA (continuous assessment) പരീക്ഷകളുടെ ഫലവും മറ്റുള്ളവർ സർവ കലാശാല പരീക്ഷകളുടെ ഫലവും വാർഡനെ ഏൽപ്പിക്കേണ്ടതാണ്.
11. ഹോസ്റ്റലിലെ വിദ്യാർത്ഥികൾ സംഘം ചേർന്ന് പരിപാടികൾ നടത്തുമ്പോഴും മത്സരങ്ങൾക്കായി പുറത്തു പോകുമ്പോഴും വാർഡനെ അറിയിക്കുകയും അനുവാദം വാങ്ങുകയും വേണം. 6.30 p.m.ന് തിരിച്ചെത്താൻ സാധ്യതയുണ്ടെങ്കിലേ അനുവാദം നൽകുകയുള്ളൂ.
12. രാവിലെ കാപ്പിക്ക് മുൻപും വൈകുന്നേരം 6.30ന് ശേഷവും പുറത്തു പോകേണ്ടവർ വാർഡന്റെ പക്കൽ നിന്നും പ്രത്യേക അനുവാദം വാങ്ങേണ്ടതാണ്.

13. വൈകുന്നേരം 8.00നും 8.40 നും ഇടയിൽ എല്ലാവരും നിർബന്ധമായും പഞ്ചിംഗ് യന്ത്രത്തിൽ ഹാജർ രേഖപ്പെടുത്തേണ്ടതാണ്.

14. പത്രപാരായണത്തിനുള്ള സ്ഥലം വായനാമുറിയാണ്. പത്രം കീറുകയോ ചുളുക്കുകയോ വെട്ടിയെടുക്കുകയോ മുറികളിലേക്ക് കൊണ്ടുപോവുകയോ ചെയ്യരുത്.

15. ഹോസ്റ്റലിന്റെ അരമതിലുകളിൽ ഇരിക്കുകയോ ഹോസ്റ്റലിന്റെ മുൻവശത്ത് കൂട്ടംകൂടി നിന്ന് ശബ്ദമുണ്ടാക്കുകയോ അപശബ്ദം പുറപ്പെടുവിക്കുകയോ ചെയ്യരുത്. ഹോസ്റ്റലിൽ കൂകുവാനും മറ്റ് അപശബ്ദങ്ങൾ പുറപ്പെടുവിക്കാനും പാടുള്ളതല്ല.

16. കീ ചെയിനുകളോ താക്കോലോ താഴോ നഷ്ടപ്പെടുത്തിയാൽ പുതിയത് വാങ്ങി നല്കേണ്ടതാണ്. മറ്റുള്ളവരുടെ താഴുകൾ സ്വന്തം താക്കോലിട്ട് തുറക്കാൻ ശ്രമിക്കുന്നതും തുറക്കുന്നതും കുറ്റകരമാണ്. മുറിയിൽനിന്നും പുറത്തിറങ്ങിയാൽ മുറി ഭദ്രമായി പൂട്ടി സൂക്ഷിക്കുക. നിങ്ങളുടെ സാധനങ്ങൾ നഷ്ടപ്പെട്ടാൽ ഹോസ്റ്റൽ അധികാരികൾ ഉത്തരവാദികളായിരിക്കുന്നതല്ല.

17. മെസ്ഹോളിൽ അനാവശ്യമായി സമയം ചെലവഴിക്കരുത്. രോഗികൾക്കുവേണ്ടി വാർഡന്റെ അനുവാദത്തോടുകൂടി മാത്രമേ മുറികളിലേക്ക് ഭക്ഷണം കൊണ്ടുപോകാവൂ. മെസ്ഹോളിലെ പാത്രങ്ങളോ ഗ്ലാസ്സുകളോ മുറികളിലേക്ക് കൊണ്ടുപോകരുത്. ഉച്ചയ്ക്ക് 1.30ന് ശേഷം ഭക്ഷണം നല്കുന്നതല്ല.

18. മെസ്ഹാളിൽ ഭക്ഷണസമയത്തു മാത്രമേ പ്രവേശനം അനുവദിച്ചിട്ടുള്ളൂ.

19. ഭക്ഷണസംബന്ധമായ പരാതികൾ കിച്ചൺ സ്റ്റാഫിനോട് പറയേണ്ടതില്ല. അസിസ്റ്റന്റ് വാർഡന്റെ പക്കൽ ഭക്ഷണസംബന്ധമായ പരാതികൾ നൽകുക. കിച്ചൻ സ്റ്റാഫുമായി യാതൊരു ബന്ധങ്ങളും സംഭാഷണങ്ങളും പാടില്ല.

20. അന്യരെ (outsiders & day-scholars) മുറിയിൽ കയറ്റുന്നവരെ ഡിസ്മിസ്സ് ചെയ്യുന്നതാണ്. മാതാപിതാക്കളെ മാത്രം അനുമതിയോടെ മുറിയിൽ പോകാൻ അനുവദിക്കുന്നതാണ്.

21. താഴത്തെ നിലയിലെ ജനാലകളുടെ അടിപ്പാളികൾ എപ്പോഴും അടച്ചിടുക. ചാപ്പൽ ബ്ലോക്കിൽ രണ്ടാം നിലയിലും ഈ നിയമം പാലിക്കുക.

22. ബാത്ത്റൂമിന്റെ പരിസരങ്ങളിൽ കൂട്ടം കൂടി ശബ്ദമുണ്ടാക്കുവാൻ പാടില്ല.

23. വസ്ത്രങ്ങൾ അലക്കി ഉപയോഗിക്കുക. മറ്റുള്ളവരുടെ വസ്ത്രങ്ങൾ ഉപയോഗിക്കരുത്.

24. വാർഡന്മാരുടെ മുറിയിൽ മുട്ടരുത്. അവർ മുറിതുറന്നിരിക്കുമ്പോഴാണ് അവരെ സമീപിക്കേണ്ടത്.

25. കറന്റ് പോകുമ്പോൾ എല്ലാവരും നിശബ്ദത പാലിക്കുക.

26. ആറ്റിൽ ഇറങ്ങുന്നവർ അതിനാൽത്തന്നെ ഡിസ്മിസ് ചെയ്യപ്പെടും.

27. ഹോസ്റ്റലുകാർക്ക് കളികൾക്ക് കോളേജ് ഗ്രൗണ്ട് ഉപയോഗിക്കാൻ നിലവിൽ അനുവാദമുണ്ട്. സമയ ക്രമം കൃത്യമായി പാലിക്കുക.

28. നിയമങ്ങളുടെ ലംഘനം നടത്തിയാൽ apology എഴുതിക്കുന്നതാണ്. മൂന്നാമത്തെ apology യോടുകൂടെ ഹോസ്റ്റലിൽനിന്നും പുറത്താക്കുന്നതാണ്.

29. ഹോസ്റ്റൽ മുറികൾ അലോട്ട് ചെയ്യുന്നത് വാർഡൻ ആണ്. മതിയായ കാരണമില്ലാതെ ഇടയ്ക്ക് വച്ച് മുറിമാറ്റം നല്കുന്നതല്ല.

30. അസുഖം വന്നാൽ വാർഡന്റെ അനുവാദത്തോടെയാണ് ഹോസ്പിറ്റലിൽ പോകേണ്ടത്. അസുഖം മൂലം ക്ലാസ്സിൽ പോകാതിരിക്കാൻ വാർഡന്റെ മുൻകൂർ അനുവാദം ആവശ്യമാണ്. രോഗികൾ സ്വന്തം വീട്ടിൽ അറിയിക്കുന്നതിന് മുമ്പ് വാർഡനെ രോഗാവസ്ഥ അറിയിക്കേണ്ടതാണ്.

31. ബാത്ത്റൂമുകളിലും കക്കൂസുകളിലും ആവശ്യത്തിന് വെള്ളമൊഴിക്കുകയും വൃത്തിയായി സൂക്ഷിക്കുകയും ചെയ്യുക. ടാപ്പ് തുറന്നിട്ടിട്ട് പോകരുത്.

32. വരാന്തകളിലെ ലൈറ്റ് രാത്രിയിൽ ആരും അണയ്ക്കരുത്.

33. അവരവരുടെ മുറികൾ അവരവർ തന്നെ വൃത്തിയായി സൂക്ഷിക്കുക. പൊതുവായ ചൂലുകൾ മുറികളിൽ സൂക്ഷിക്കരുത്.

34. രാത്രിയിൽ ആരും ഹോസ്റ്റലിനു വെളിയിൽ ഇറങ്ങരുത്. നായയുണ്ട് സൂക്ഷിക്കുക. നായ കടിച്ചാൽ ഹോസ്റ്റൽ/കോളേജ് അധികാരികൾ ഉത്തരവാദികളായിരിക്കുന്നതല്ല.

35. കോളേജിന്റെ ഫാമിൽ പ്രവേശിക്കുവാൻ വിദ്യാർത്ഥികൾക്ക് അനുവാദമില്ല. ഹോസ്റ്റലിലേക്ക് മതിലോ ഗെയ്റ്റോ ചാടിക്കടന്നു വരാൻ പാടില്ല.

36. കത്തോലിക്കാ വിദ്യാർത്ഥികൾ എല്ലാവരും നിർബന്ധമായും നിശാപ്രാർത്ഥനയിലും ഞായറാഴ്ചത്തെ വി. കുർബ്ബാനയിലും പങ്കെടുക്കേണ്ടതാണ്. ഈ നിയമം അംഗീകരിക്കാൻ സമ്മതമാണെന്ന ഒരു സ്വയം സാക്ഷ്യപത്രം മാതാപിതാക്കളുടെ ഒപ്പോടുകൂടി ഹോസ്റ്റൽ പ്രവേശനത്തിന് മുമ്പായി നൽകേണ്ടതുണ്ട്. സാധാരണ ദിവസങ്ങളിലും രാവിലെ ദിവ്യബലിയിൽ പങ്കെടുക്കുന്നത് അഭികാമ്യമാണ്. അസുഖമോ മറ്റ് ഗൗരവമായ കാരണങ്ങൾ മൂലമോ പ്രാർത്ഥനയിൽ സംബന്ധിക്കാതിരിക്കണമെങ്കിൽ വാർഡന്റെ മുൻകൂർ അനുവാദം വാങ്ങിയിരിക്കണം. നിശാപ്രാർത്ഥനയുടെ സമയത്ത് അകത്തോലിക്കാ വിദ്യാർത്ഥികൾ സ്വന്തം മുറിയിൽ ഉണ്ടായിരിക്കേണ്ടതാണ്.

37. ഹോസ്റ്റലുമായി ബന്ധപ്പെട്ട എല്ലാ പണമിടപാടുകളും ഡിജിറ്റൽ രീതിയിലാണ്. 15-ാം തീയതിക്കു മുമ്പായി മുൻമാസത്തെ ഫീസ് ഹോസ്റ്റൽ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. സ്വന്തം അക്കൗണ്ടിൽ നിന്നാണ് പണം അടയ്ക്കേണ്ടത്. പിരിഞ്ഞുപോകുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റലിനു നൽകേണ്ട മുഴുവൻ തുകയും നിക്ഷേപിക്കുന്ന മുറയ്ക്ക് അവരുടെ സ്വന്തം അക്കൗണ്ടിലേയ്ക്ക് റീഫണ്ട് തുക അയക്കുന്നതാണ് അഥവാ ചെക്ക് നൽകുന്നതാണ്.

38. ലാപ്ടോപ്പ്, തേപ്പുപെട്ടി, ഹീറ്റർ, കെറ്റിൽ എന്നിവയുടേയും മറ്റ് ഇലക്ട്രിക് & ഇലക്ട്രോണിക് ഉപകരണങ്ങളുടെയും മുറിയിലുള്ള ഉപയോഗം കർശനമായി നിരോധിച്ചിരിക്കുന്നു. ഇവയുടെ ഉപയോഗം പിഴയും ഡിസ്മിസലും ക്ഷണിച്ചു വരുത്തും.

39. ഹോസ്റ്റലിലും പരിസരങ്ങളിലും മൊബൈൽ ഫോണിന്റെ എല്ലാവിധ ഉപയോഗങ്ങളും നിരോധിച്ചിരിക്കുന്നു. പൊതുസ്ഥലങ്ങളിൽ - വരാന്തകൾ, ഭക്ഷണശാല, പഠനഹോൾ എന്നിവയുൾപ്പെടെ - മൊബൈൽ ഫോൺ കൈവശം സൂക്ഷിക്കുന്നതും അനുവദിച്ചിട്ടില്ല. കോളേജ് ക്യാമ്പസിന് പുറത്ത് പോകുമ്പോൾ ആവശ്യമെങ്കിൽ ഫോൺ കൈവശം കരുതാവുന്നതാണ്. പഠനസമയങ്ങളിൽ മൊബൈൽ ഫോൺ മുറിക്കുള്ളിൽ ഉപയോഗിക്കുന്നവർ ശിക്ഷണനടപടികൾക്ക് വിധേയരാകുന്നതാണ്.

40. ചുവരുകളിലോ ഫർണിച്ചറുകളിലോ എഴുതുകയോ പടങ്ങളോ പേപ്പറുകളോ ഒട്ടിക്കുകയോ ചെയ്താൽ മുറി പെയിന്റടിക്കാനുള്ള ചിലവു പിഴയായി ഈടാക്കുന്നതായിരിക്കും. ചുവരിലോ കതകിലോ ആണിയടിക്കാൻ പാടില്ല.

41. ഹോസ്റ്റലിൽ ഒരു വർഷത്തേക്കാണ് പ്രവേശനം നല്കുക. പഠനവും ഹോസ്റ്റലിലെ പെരുമാറ്റവും തൃപ്തികരമായവരുടെ മാത്രം അപേക്ഷകളേ പിന്നീടുള്ള വർഷങ്ങളിൽ പ്രവേശനത്തിനായി പരിഗണിക്കുകയുള്ളൂ. വാർഷികപ്പരീക്ഷയും മറ്റ് പരീക്ഷകളും എഴുതാത്തവർക്ക് ഹോസ്റ്റലിൽ പ്രവേശനം നല്കുന്നതല്ല. യൂണിവേഴ്സിറ്റി പരീക്ഷകളുടെയും (രണ്ടാം വർഷം) CA പരീക്ഷകളുടെയും (ഒന്നാം വർഷം) ഫലം തീരുമാനമെടുക്കുന്നതിൽ നിർണ്ണായകമാണ്. പ്രവേശനം നിഷേധിക്കുന്നതിന്റെ കാരണങ്ങൾ വെളിപ്പെടുത്തുവാൻ വാർഡൻ ബാധ്യസ്ഥനല്ല.

42. പീഡനം, റാഗിംങ് തുടങ്ങിയ പരാതികൾ രേഖാമൂലം ലഭിച്ചാൽ ഉടൻതന്നെ ആ പരാതികൾ പോലീസ് അധികാരികൾക്ക് കൈമാറുന്നതാണ്. നിലവിലുള്ള നിയമങ്ങൾ പ്രകാരം വാർഡനോ പ്രിൻസിപ്പാളിനോ ഇന്റേണൽ അന്വേഷണം നടത്താനുള്ള അവകാശം ഇല്ല. ആയതിനാൽ ഇത്തരം പരാതി ലഭിച്ചാൽ അത് യാതൊരു അന്വേഷണവും കൂടാതെ പോലീസിന് കൈമാറുന്നതാണ്. ആന്റി-റാഗിങ് അഫിഡാവിറ്റ് എല്ലാ വിദ്യാർത്ഥികളും മാതാപിതാക്കളും online ആയി സമർപ്പിച്ച് തുടർന്ന് ഫോം പ്രിന്റ് ചെയ്ത് ഒപ്പോടുകൂടി സമർപ്പിക്കേണ്ടതാണ്.

43. എല്ലാ സ്റ്റഡി സമയവും നിശബ്ദതയുടെ സമയമാണ്. മുറികളിൽ combined study അനുവദിച്ചിട്ടില്ല. Combined study ആവശ്യമുള്ളവർക്ക് സ്റ്റഡിഹോളിൽ രാത്രി 10.30 വരെ പഠനം നടത്താവുന്നതാണ്. കോളേജ് കാമ്പസിലും വരാന്തകളിലും പഠനം അനുവദിച്ചിട്ടില്ല. പഠനസമയങ്ങളിൽ കുളി, തേയ്ക്കൽ, അലക്ക് ആദിയായവ അനുവദിച്ചിട്ടില്ല.

44. രാത്രി 9 മുതൽ രാവിലെ 7.45 വരെ കർശന നിശബ്ദതയുടെ സമയമാണ്. ഈ സമയത്ത് ആരെങ്കിലും മറ്റുള്ളവരുടെ മുറികളിൽ പ്രവേശിക്കുന്നതും മറ്റുള്ളവരെ മുറികളിൽ പ്രവേശിപ്പിക്കുന്നതും ശിക്ഷാർഹമാണ്. ഈ നിയമം ലംഘിക്കുന്നവരെ ഹോസ്റ്റലിൽനിന്നും പുറത്താക്കുന്നതാണ്.

45. മദ്യം, പാൻമസാല, മറ്റ് ലഹരിവസ്തുക്കൾ, തുടങ്ങിയവ ഉപയോഗിക്കുന്നവരെ അതിനാൽത്തന്നെ ഹോസ്റ്റലിൽനിന്നും പുറത്താക്കുന്നതാണ്. ഇൻഡോർ ഗെയിംസ് റീഡിംഗ് ഹാളിൽ മാത്രമേ അനുവദിച്ചിട്ടുള്ളു. മുറികളിൽ ചീട്ട്കളിയും മറ്റ് കളികളും കർശനമായി നിരോധിച്ചിരിക്കുന്നു.

46. 10 ദിവസം തുടർച്ചയായി ഹോസ്റ്റലിൽനിന്നും ആബ്സന്റ് ആകുന്നവർക്ക് 7 ദിവസത്തെ Mess Reduction നല്കുന്നതാണ്. പക്ഷേ ക്ലാസ്സ് ദിവസങ്ങളിൽ യാതൊരു കാരണവശാലും Mess Reduction നല്കുന്നതല്ല.

47. ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് കാമ്പസ് രാഷ്ട്രീയത്തിലോ, സമരങ്ങളിലോ പങ്കെടുക്കുവാൻ അനുവാദമില്ല. കക്ഷി രാഷ്ട്രീയ വിമുക്തമല്ലാത്തതിനാൽ കോളെജ് ഇലക്ഷനിൽ മത്സരിക്കാൻ അവർക്ക് അനുവാദമില്ല. മത്സരിക്കണമെന്ന് ആഗ്രഹിക്കുന്നവർ നോമിനേഷൻ നൽകുന്നതിനുമുമ്പായി ഹോസ്റ്റലിൽ നിന്ന് vacate ചെയ്യേണ്ടതാണ്.

48. രാവിലെ ക്ലാസ്സിനുമുൻപും ക്ലാസ്സ് സമയത്തും വിദ്യാർത്ഥികൾ കോളേജിനു മുൻപിലുള്ള റോഡിലൂടെ അലഞ്ഞുതിരിഞ്ഞ് നടക്കാനോ കൂട്ടം കൂടിനില്ക്കാനോ പാടില്ല.

49. ട്യൂഷനോ പ്രത്യേക കോഴ്സുകൾക്കോ പോകേണ്ടവർ വാർഡന്റെ അനുവാദം വാങ്ങേണ്ടതാണ്. ട്യൂഷൻ മുതലായ പാർട്ട് ടൈം ജോലികൾ ചെയ്യാൻ അന്തേവാസികൾക്ക് അനുവാദമില്ല.

50. കളികളുടെയും വ്യായാമത്തിന്റെയും സമയം 3.45 p.m. മുതൽ 6.00 p.m. വരെയാണ്. 6.30 p.m.ന് എല്ലാവരും കുളിയും കഴിഞ്ഞ് പഠനം ആരംഭിച്ചിരിക്കണം. പ്രഭാതത്തിൽ ജിമ്മിൽ പോകുന്നതിനോ ഓടുന്നതിനോ അനുവാദമില്ല. ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും ഉച്ചഭക്ഷണത്തിനുശേഷം വിദ്യാർത്ഥികൾക്ക് പുറത്തുപോകാവുന്നതാണ്. ഞായറാഴ്ചകളിൽ മറ്റുകുട്ടികളുടെ പഠനത്തിനു തടസ്സമുണ്ടാകാതെ 8 മണി വരെ ടെലിവിഷൻ കാണാവുന്നതാണ്.

51. വിദ്യാർത്ഥികൾ അവധിക്കാലത്ത് മാതാപിതാക്കളോടൊപ്പമാണ് തങ്ങേണ്ടത്. വാർഡൻ അനുവദിക്കുന്ന പക്ഷം അവധിക്കാലത്ത് യൂണിവേഴ്സിറ്റി പരീക്ഷക്ക് രണ്ട് ദിവസം മുൻപ് ഹോസ്റ്റലിൽ പഠനത്തിനായി എത്താവുന്നതാണ്.

52. ആവശ്യാനുസരണം മുറികളിൽ പരിശോധന നടത്തുന്നതിന് വാർഡന് അവകാശമുണ്ട്.

## Time Table

| | | | |
|---|---|---|---|
| 6.00 a.m. | Rising | 2.00 - 3.45 p.m. | Study/Silence |
| 6.45 a.m. | H.Mass | 3.45 - 6.00 p.m. | Free-time/Games |
| | | 6.00 -6.30 p.m. | Bath/Preparation for Study |
| 6 -7.45 a.m. | Study/Silence | 6.30 p.m. | Study/Silence |
| 7.45 a.m. | Breakfast | 8.00 p.m. | Supper |
| 8.45 a.m. | Study/Silence | 9.00 p.m. | Night Prayers |
| 12.30 -1.30 p.m. | Lunch | 9.30 p.m. | Study/Silence |
| | | 10.45 p.m. | To bed |